**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 289** **14-07-2022 - ൽ മറുപടിയ്ക്ക്**

**ഉന്നത വിദ്യാഭ്യാസ മേഖലയിലെ എൻറോൾമെന്റ് റേഷ്യോ വർദ്ധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ വി ജോയി,<br>ശ്രീ. പി.വി. ശ്രീനിജിൻ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയിലെ എൻറോൾമെന്റ് റേഷ്യോ എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇത് അഖിലേന്ത്യ ശരാശരിയിലും കൂടുതലാണോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | 2019-2020 ലെ അഖിലേന്ത്യ ഉന്നത വിദ്യാഭ്യാസ സർവ്വേ (AISHE) പ്രകാരം സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയിലെ എൻറോൾമെന്റ് റേഷ്യോ (GER) 38.8 ശതമാനമാണ്. ഇത് ദേശീയ ശരാശരിയേക്കാൾ (27.1 %) കൂടുതലാണ്. |
| (ബി) | സംസ്ഥാനത്ത് എൻറോൾമെന്റ് റേഷ്യോ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സർവകലാശാലകളിൽ ബിരുദ, ബിരുദാനന്തര ബിരുദ സീറ്റുകളും ഗവേഷണ ഗൈഡുകളുടെ എണ്ണവും ഗവേഷണ സീറ്റുകളും വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | സംസ്ഥാനത്തെ സർവ്വകലാശാലകളിലും കോളേജുകളിലും ബിരുദ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് 2020 ൽ ഇരുപതിനായിരത്തോളം സീറ്റുകൾ വർദ്ധിപ്പിക്കുകയുണ്ടായി. കൂടാതെ സർവ്വകലാശാലകളിലും കോളേജുകളിലും പുത്തൻ തലമുറ (New Generation Inter Disciplinary) സ്വഭാവമുള്ള 170 ഓളം കോഴ്സുകൾ ആരംഭിക്കുകയുണ്ടായി. സർവ്വകലാശാലകളിൽ പ്രോജക്ട് മോഡ് പ്രോഗ്രാമുകൾ ആരംഭിക്കാനുള്ള നിർദ്ദേശം 2022 - 23 ബഡ്ജറ്റിൽ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.<br><br>പി.എച്ച്.ഡി ഗവേഷണം നിയന്ത്രിക്കുന്നത് കാലാകാലങ്ങളിൽ യു.ജി.സി ഇത് സംബന്ധിച്ച് പുറപ്പെടുവിക്കുന്ന റഗുലേഷനുകളാണ്. യു.ജി.സി റഗുലേഷനുകൾക്ക് അനുസൃതമായി മാത്രമേ പി.എച്ച്.ഡി സീറ്റുകൾ നിർണ്ണയിക്കാൻ കഴിയൂ. സർവ്വകലാശാലകളിലെയും അംഗീകൃത ഗവേഷണ കേന്ദ്രങ്ങളിലേയും അധ്യാപകരുടെ എണ്ണം വർദ്ധിക്കുന്നതോടെ പി.എച്ച്.ഡി ഗവേഷണ അവസരങ്ങളും സ്വാഭാവികമായി വർദ്ധിക്കുന്നതാണ്. |
| (സി) | സർവ്വകലാശാലകൾക്കുള്ളിൽ ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകളും സ്കൂളുകളും സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ | (സി) | സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ |

| | | | | |
|---|---|---|---|---|
| | കാര്യങ്ങളാണ് ഇതുവഴി ലക്ഷ്യമിടുന്നത്; വിശദമാക്കാമോ? | | | ആരംഭിച്ചിട്ടുണ്ട്. സർവ്വകലാശാലകൾക്കുള്ളിൽ സെന്റർ ഓഫ് എക്സലൻസ് സ്ഥാപിക്കുന്നതിനായി താഴെപ്പറയുന്ന ശുപാർശകൾ സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ സർക്കാർ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.<br><br>1. കണ്ണൂർ ഇരിട്ടിയിലെ സെൻറർ ഓഫ് എക്സലൻസ് ഇൻ ആയുർവ്വേദിക് റിസർച്ച്, മാനുസ്ക്രിപ്റ്റ് മ്യൂസിയം, മെഡിസിനൽ പ്ലാന്റ്സ് ഗാർഡൻ.<br>2. സെൻറർ ഓഫ് എക്സലൻസ് ആയി സ്കൂൾ ഓഫ് മാത്തമറ്റിക്സ്, കോഴിക്കോട്.<br>3. കേരള സർവ്വകലാശാല ക്യാമ്പസിൽ താണു പത്മനാഭൻ സെൻറർ ഓഫ് എക്സലൻസ് ഇൻ അസ്ട്രോണമി ആൻറ് ആസ്ട്രോഫിസിക്സ്.<br>4. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ സെൻറർ ഓഫ് എക്സലൻസ് ഇൻ ന്യൂറോഡീജനറേഷൻ ആൻറ് ബ്രെയിൻ ഹെൽത്ത്.<br>5. വയനാട് കേരള വെറ്ററിനറി ആൻറ് അനിമൽ സയൻസ് സർവ്വകലാശാലയിൽ സെൻറർ ഓഫ് എക്സലൻസ് ഇൻ വൺ ഹെൽത്ത്, വെസ്റ്റേൺ ഗാർഡ്സ് ബയോഡൈവേഴ്സിറ്റി, ഹ്യൂമൺ-വൈൽഡ് ലൈഫ് ഇൻറർഫെയിസ് ആൻറ് സൂവോനോട്ടിക് ഡിസീസസ്സ്.<br>6. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ സെൻറർ ഓഫ് എക്സലൻസ് ഇൻ നാനോ സയൻസ് ആൻറ് നാനോ ടെക്നോളജി.<br><br>ഗവേഷണ രംഗത്ത് കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കുകയും ഗവേഷണ ഫലങ്ങൾ സാധാരണ ജനങ്ങളിലേക്ക് എത്തിക്കുകയുമാണ് ഇതുകൊണ്ട് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ